## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

08.02.2016 -ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.8

### മത്സ്യതൊഴിലാളികളുടെ പുനരധിവാസം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ദാസൻ<br>ശ്രീ.എസ്. ശർമ്മ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.കെ.വി.അബ്ദുൾഖാദർ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളും ജീവിത നിലവാരവും പരിതാപകരമായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥിതിവിശേഷത്തിൽ നിന്ന് മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുവാൻ പ്രഖ്യാപിത പദ്ധതികൾ നടപ്പാക്കാമോ; | (ബി) | മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരവും തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | കഴിഞ്ഞ 5 ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പാക്കാൻ സാധിച്ചിട്ടില്ലാത്തവയും ഭാഗികമായി മാത്രം നടപ്പാക്കിയതുമായ പദ്ധതികൾ ഏതൊക്കെയായിരുന്നു; അവയെല്ലാം നടപ്പാക്കാനാവശ്യമായ വിഹിതം തന്നാണ്ടിലെ ബജറ്റുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കഴിഞ്ഞ 5 ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ 8 പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്ത പദ്ധതികളുടെയും, ഭാഗികമായി നടപ്പിലാക്കിയതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്ത പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | വർഷം | റിമാർക്ക്സ് |
|---|---|---|---|
| 1 | തീരദേശ വികസന അതോറിറ്റി രൂപീകരണം | 2011-12 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നല്ല രീതിയിൽ പ്രവർത്തിക്കുന്നതിനാൽ ഈ പദ്ധതി നടപ്പിലാക്കേണ്ട തില്ല എന്ന് തീരുമാനിച്ചു. |
| 2 | സംയോജിത കടൽ സുരക്ഷാ പദ്ധതി | 2012-13 | ഭരണാനുമതി ലഭിച്ചിട്ടില്ല |
| 3 | കോൾഡ് ചെയിൻ പദ്ധതി | 2012-13 | NFDB യ്ക്ക് പ്രൊപ്പോസൽ നൽകിയെങ്കിലും അനുമതി ലഭിച്ചിട്ടില്ല. |
| 4 | ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് | 2013-14 | ഭരണാനുമതി ലഭിച്ചിട്ടില്ല |
| 5 | മോഡൽ ഫിഷ് ഫാം | 2014-15 | ഭരണാനുമതി ലഭിച്ചിട്ടു ണ്ട്. ബഡ്ജറ്റ് വിഹിതം ഉൾപ്പെടുത്തേണ്ട തുണ്ട്. എന്നാൽ നിലവിൽ ഈ ഘടകം മത്സ്യ സമൃദ്ധി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 6 | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മത്സ്യ വിപണനശാല തുടങ്ങുന്നതിന് സഹായം | 2014-15 | ഭരണാനുമതി ലഭിച്ചിട്ടില്ല. |
| 7 | വിഴിഞ്ഞം, പുല്ലുവിള മാതൃകാ മത്സ്യഗ്രാമം പദ്ധതി | 2014-15 | ഭരണാനുമതി ലഭിച്ചിട്ടില്ല. |
| 8 | ഫിഷ്മെയ്ഡ് വിപുലീകരണം | 2015-16 | പദ്ധതി നടപ്പിലാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു. |

### ഭാഗികമായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | വർഷം | നിർവ്വഹണ പുരോഗതി |
|---|---|---|---|
| 1 | ഫിഷ്മെയ്ഡ് പദ്ധതി | 2012-13 | ഫിഷ്മെയ്ഡ് എന്ന പേരിൽ ഒരു പ്രീമിയം ഔട്ട്ലെറ്റ് ആരംഭിച്ചു. ബാക്കി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 2 | ഫിഷ് മാൾ & ഫിഷ് മാർക്കറ്റുകൾ | 2013-14 | ഫിഷ്മാൾ പദ്ധതിയുടെ നിർവ്വഹണം ആരംഭഘട്ടത്തിലാണ്. ഫിഷ് മാർക്കറ്റുകളുടെ നിർവ്വഹണം അന്തിമഘട്ടത്തിലാണ് |

| | | | |
|---|---|---|---|
| 3 | മറൈൻ ആംബുലൻസ് | 2013–14 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 4 | ഫിഷ് പ്രോസസിംഗ് സെന്റർ | 2013–14 | കണ്ണൂർ അഴീക്കലിൽ ഫിഷ് പ്രോസസ്സിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടി പൂർത്തീകരിച്ചു. |
| 5 | അടിമലത്തുറ മാതൃകാ മത്സ്യ ഗ്രാമം | 2013–14 | ഭരണാനുമതി ലഭിച്ചു. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| 6 | മാതൃകാ മത്സ്യകൃഷിയിടങ്ങൾ സ്ഥാപിക്കുന്നതിനും നവീന അക്വാകൾച്ചർ രീതികൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി | 2013–14 | പദ്ധതി നിർവ്വഹണം ഭാഗികമായി പൂർത്തീകരിച്ചു. |
| 7 | എറണാകുളം വല നിർമ്മാണ ഫാക്ടറിയിലെ പഴയ വലനിർമ്മാണ യന്ത്രങ്ങൾ ഘട്ടംഘട്ടമായി മാറ്റിക്കൊണ്ട് പുതിയ മെഷീനുകൾ സ്ഥാപിക്കുന്ന പദ്ധതി | 2014–15 | ഇതിനായി 5 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും ലഭിച്ചു. പുതിയ മെഷീനുകൾ വാങ്ങി പഴയ യന്ത്രങ്ങൾ മാറ്റുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. |
| 8 | മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും | 2015–16 | പദ്ധതി നിർവ്വഹണം ഭാഗീകമായി പൂർത്തീകരിച്ചു. നിർവ്വഹണം പുരോഗമിച്ചു വരുന്നു. |
| 9 | തീര നൈപുണ്യ പദ്ധതി | 2015–16 | പദ്ധതി ഭാഗീകമായി പൂർത്തീകരിച്ചു. നിർവ്വഹണം പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**